**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.659** 　　　　**04.02.2020-ൽ മറുപടിക്ക്**

## നിലമ്പൂർ മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി

| | ചോദ്യം<br>ശ്രീ. പി.വി. അൻവർ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ നടന്നുവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ് മെന്റിനായി, ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ, കരുളായി, പൂക്കോട്ടുംപാടം, പോത്തുകല്ല്, എടക്കര, ചുങ്കത്തറ, വഴിക്കടവ്, മൂത്തേടം, എന്നീ ഇലക്ട്രിക്കൽ സെക്ഷനാഫീസുകളിലായി താഴെ പറയുന്ന പ്രവൃത്തികൾ നടന്ന് വരുന്നു.<br><br>1. പുതിയ 100 കെ. വി. എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി -9 എണ്ണം.<br>2. നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി -2 എണ്ണം.<br>3. 6 പ്രവൃത്തികളിലായി 5.9 കി. മി. 11 കെ വി ലൈൻ വലിക്കുക.<br>4. 46 പ്രവൃത്തികളിലായി 33.78 കി. മി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുക. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ സെക്ഷനുകളിലും പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ സെക്ഷനാഫീസുകളിലായി 108 ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | സെക്ഷൻ | ട്രാൻസ്ഫോർ മറുകളുടെ എണ്ണം |
|---|---|---|
| 1 | പോത്തുകല്ല് | 9 |
| 2 | നിലമ്പൂർ | 32 |
| 3 | എടക്കര | 11 |
| 4 | പൂക്കോട്ടുംപാടം | 16 |
| 5 | ചുങ്കത്തറ | 12 |
| 6 | വഴിക്കടവ് | 7 |
| 7 | കരുളായി | 8 |
| 8 | മൂത്തേടം | 13 |
| ആകെ | | **108** |

| | | | |
|---|---|---|---|
| (സി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഉപയോഗിക്കേണ്ടുന്ന ഉപകരണങ്ങൾക്ക് ക്ഷാമം നേരിട്ടുന്നുണ്ടോയെന്നും എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (സി) | നിലവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള സാധന സാമഗ്രികളുടെ ക്ഷാമം ഇല്ല. |

സെക്ഷൻ ഓഫീസർ